**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 1214** | **30.09.2011 ലെ മറുപടിക്ക്**

## ആശ്വാസ് 2011 പദ്ധതി

**ചോദ്യം**

**ശ്രീ. എം.വി. ശ്രേയാംസ് കുമാർ**

എ) ആശ്വാസ് കുടിശ്ശിക നിവാരണ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; അതിൻപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചതെന്ന് വിശദമാക്കാമോ;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**(സഹകരണ വകുപ്പ് മന്ത്രി)**

എ) സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി, സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ വായ്പാകുടിശ്ശിക കുറയ്ക്കുന്നതിനും കട ബാദ്ധ്യതയിലായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനുമായി സഹകരണ വകുപ്പ് നടപ്പിലാക്കിയ കുടിശ്ശിക നിവാരണ പദ്ധതിയാണ് "ആശ്വാസ് 2011". 2011 ജൂലൈ 1 മുതൽ 2011 സെപ്റ്റംബർ 15 വരെയായിരുന്നു പദ്ധതിയുടെ കാലയളവ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ 23.06.2011-ലെ 41/2011 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. 10 ലക്ഷം രൂപവരെയുള്ള കുടിശ്ശിക വായ്പകൾ, പിഴപലിശ, നോട്ടീസ് ചാർജ്, മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി, വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതിൻ പ്രകാരമുള്ള പലിശ നിരക്കിൽ, ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസ് എന്നിവ സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയതും കൂടി ഒടുക്കി നിലവിലുള്ള മുതലിനേക്കാൾ അധികരിക്കാതെ പലിശ അടച്ച് വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് പദ്ധതി കാലയളവിൽ അവസരം നൽകിയിരുന്നു.

10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയായ വായ്പകൾ പിഴപലിശ, നോട്ടീസ് ചാർജ്, മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതിൻ

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള പലിശ നിരക്കിൽ പലിശ തുകയുടെ 10 ശതമാനത്തിൽ അധികരിക്കാതെ എസ്റ്റാബ്ലിഷ്മെന്റ് ചെലവും, ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസ് സംഘത്തിൽ നിന്നും അടച്ചിട്ടുണ്ടെങ്കിൽ ആയതും ഒടുക്കി വായ്പാക്കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. മരണപ്പെട്ട വായ്പക്കാരുടെ തുകകൾ, മാരകരോഗം ബാധിച്ചവർ, വിധവകൾ തുടങ്ങി പരിഗണന അർഹിക്കുന്നവരുടെ വായ്പകൾക്ക് മേൽ പരാമർശിച്ച ഇളവുകൾക്ക് പുറമേ പ്രത്യേക ഇളവുകൾ പദ്ധതി കാലയളവിൽ അനുവദിക്കുകയും ചെയ്തു. കൂടാതെ പദ്ധതി കാലയളവിൽ വായ്പകളുമായി ബന്ധപ്പെട്ട എല്ലാ ജപ്തി നടപടികളും നിർത്തി വയ്ക്കുകയും ചെയ്തിരുന്നു. സർക്കുലർ നിർദ്ദേശത്തിനു പുറമേ എന്തെങ്കിലും ഇളവുകൾ കൂടുതലായി നൽകണമെന്ന് ഏതെങ്കിലും സഹകരണ സംഘം തീരുമാനം കൈക്കൊള്ളുകയാണെങ്കിൽ ആയത് വകുപ്പ് മന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി അംഗവും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ സ്റ്റീയറിംഗ് കമ്മറ്റി മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കാൻ വ്യവസ്ഥ ചെയ്യുകയും ഇപ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി വഴി എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് മണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | ബി) | ആശ്വാസ് പദ്ധതി പ്രകാരം 31.08.2011-വരെ വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ 7,488 വായ്പകൾക്കും, വൈത്തിരി താലൂക്കിൽ 7,834 വായ്പകൾക്കും, സുൽത്താൻ ബത്തേരി താലൂക്കിൽ 770 വായ്പകൾക്കും ജില്ലാ സഹകരണ ബാങ്കിലെ 38 വായ്പകൾക്കും ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ടി പദ്ധതി ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**